പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 414** — **11.12.2012-ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ വൈദ്യുത പദ്ധതി**

**ചോദ്യം**

ശ്രീ. എ.കെ. ബാലൻ.
,, ജി. സുധാകരൻ
,, എ. പ്രദീപ്കുമാർ
,, കെ.കെ. ജയചന്ദ്രൻ

(എ) 300 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനായി കൊറിയൻകമ്പനിയുമായി കരാറിലേർപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കമ്പനി മുമ്പ് സമാനമായ വൈദ്യുതി പദ്ധതികൾ ഏതെങ്കിലും ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ കമ്പനിയുടെ സാങ്കേതിക കഴിവുകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) സാങ്കേതിക വിദ്യ മറ്റേതെങ്കിലും കമ്പനിയിൽ നിന്ന്ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ സാങ്കേതിക വിദ്യ കൈമാറ്റം സംബന്ധിച്ച കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ തോത് എത്രയെന്നും പദ്ധതി നടപ്പാക്കുന്ന കമ്പനിയുടെ സാമ്പത്തികശേഷി എത്രയെന്നും പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി)

(എ) (ബി) (സി) (ഡി) & (ഇ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ Hanjong Energy & Technology Private(Limited) എന്ന കമ്പനി 30 MWP ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടുവർഷത്തിനുള്ളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു. എന്നാൽ ടി കമ്പനിയുമായി ധാരണാപത്രം ഒപ്പിടുന്നതിനുമുൻപ് ധനകാര്യവകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായം കൂടി ആരായേണ്ടതുണ്ട്. മേൽ വകുപ്പുകളിൽ നിന്നുള്ള അഭിപ്രായം ലഭിച്ചിട്ടില്ലാത്തതിനാൽ ധാരണാപത്രം ഒപ്പുവയ്ക്കാൻ സാധിച്ചിട്ടില്ല.

സെക്ഷൻഓഫീസർ